# സ്നേഹത്തിന്റെ വില

പി.എസ് കുഞ്ഞുമൊയ്തീൻ ആലുവ

عَن حُذَيْفَةَ اليَمَانِ رَضِي اللَّهُ عَنهُ عَن النَّبِي ﷺ قَال: إنَّ المُؤْمِنَ إذا لَقِيَ المُؤْمِنَ وَسَلَّمَ عَلَيْهِ وَأَخذَ بِيَدِه فَصَافَحهُ يتَنَاثَرْ خطَايَاهُمَا كمَا يَتَنَاثَرُ وَرَقُ الشَّجَرَةِ

**ഹുദൈഫത്തുൽ യമാനി(റ) നിവേദനം ചെയ്യുന്നു. നബി(സ) പറഞ്ഞു: "ഒരു വിശ്വാസി മറ്റൊരു വിശ്വാസിയെ കണ്ടുമുട്ടുമ്പോൾ സലാം പറഞ്ഞ് കൈപിടിച്ച് മുസാഫഹത്ത് ചെയ്താൽ വൃക്ഷങ്ങളുടെ ഇലകൾ കൊഴിഞ്ഞുവീഴുന്നതുപോലെ അവർ രണ്ട് പേരുടെയും പാപങ്ങൾ കൊഴിഞ്ഞുപോകും, തീർച്ച." (ത്വബ്റാനി)**

**സ്നേഹപ്രകടനത്തിന്റെയും** പരസ്പര ബഹുമാനത്തിന്റെയും ഗാഢമായ ബന്ധത്തിന്റെയും രീതികൾ ഈ ഹദീസ് വ്യക്തമാക്കുന്നു. സലാം പറഞ്ഞ് സഹോദരന് വേണ്ടി പ്രാർഥിക്കുകയും ഹസ്തദാനം ചെയ്യുകയുമാണത്. മനസ്സിൽനിന്ന് ഉൽഭൂതമാകുന്ന പുഞ്ചിരിയും നിഷ്കളങ്കമായ ഈ അഭിവാദ്യവും വിശ്വാസിയുടെ മനസ്സ് ഒരുതരത്തിലുള്ള പകയും വിദ്വേഷവും ഇല്ലാതെ സ്വഛമാക്കിത്തീർക്കുന്നു. ഹസ്തദാനം ചെയ്യുമ്പോൾ അവരുടെ കരതലങ്ങൾ സ്പർശിച്ച് രണ്ട് ആത്മാവിന്റെയും ശക്തി കൈകളിലൂടെ പ്രസരിച്ച് ശരീരത്തിൽ വ്യാപിച്ച് ഹൃദയം നിറഞ്ഞൊഴുകുന്നു.

അഭിവാദ്യവും ഹസ്തദാനവും ഒരു പുണ്യകർമം കൂടിയാണ്. ആഇശ(റ)യിൽനിന്ന് തിർമുദി ഉദ്ധരിച്ച മറ്റൊരു ഹദീസ് ഇങ്ങനെയാണ്: "സൈദുബ്നു ഹാരിസ ഒരിക്കൽ മദീനയിൽ എത്തിയപ്പോൾ നബി(സ) തന്റെ വീട്ടിലായിരുന്നു. അദ്ദേഹം അവിടെയെത്തി വാതിലിൽ മുട്ടിയപ്പോൾ നബി(സ) വസ്ത്രം വലിച്ചുകൊണ്ട് എഴുന്നേറ്റു ചെന്ന് അദ്ദേഹത്തെ ആലിംഗനം ചെയ്യുകയും ചുംബിക്കുകയും ചെയ്തു."

അഭിവാദ്യവും ഹസ്തദാനവും ആശ്ലേഷവും സ്നേഹപ്രകടനം മാത്രമല്ല, പാപങ്ങൾ പൊറുക്കപ്പെടാനുള്ള ഉപാധി കൂടിയാണ്. ഹദീസിൽ സൂചിപ്പിച്ചത് പ്രകാരം മരത്തിൽനിന്നും ഇല കൊഴിയുന്നത് പോലെ അവന്റെ പാപങ്ങൾ പൊറുക്കപ്പെടും. സ്നേഹം പ്രകടിപ്പിക്കുന്നതിൽ പലരും പിശുക്ക് കാണിക്കുന്നു. സ്നേഹവികാരങ്ങൾ ഉള്ളിലൊതുക്കാനുള്ളതല്ല, പ്രകടിപ്പിക്കാനുള്ളതാണ്. കുഞ്ഞിനെ ചുംബിച്ച് സ്നേഹവികാരങ്ങൾ പങ്കിടുമ്പോൾ കുഞ്ഞിന്റെ ഹൃദയത്തിൽ മാതാവിനോട് വലിയ സ്നേഹവികാരം വളരുന്നു. വലുതാകുമ്പോഴും ഇത് തുടർന്നുകൊണ്ടിരിക്കുന്നു.

സ്നേഹബന്ധത്തിന്റെ ഊഷ്മളത കുറഞ്ഞു വന്ന കാലമാണിത്. തിരക്കു പിടിച്ച ജീവിതത്തിൽ സ്നേഹിതനെ കാണുമ്പോൾ അഭിവാദ്യം ചെയ്ത് ഓടിയകലാനാണ് പലരും ശ്രമിക്കുന്നത്. മാതാവിനു മക്കളെ പരിചരിക്കാനും ലാളിക്കാനും സമയമില്ല. അതിനാൽ അവർ വളർന്നു വലുതാകുമ്പോൾ മാതാപിതാക്കൾക്ക് മക്കളുടെ സ്നേഹവും പരിലാളനയും തിരിച്ച് കിട്ടുന്നതും അപൂർവമാണിന്ന്. മനുഷ്യമനസ്സുകളിൽനിന്ന് സ്നേഹവികാരങ്ങൾ നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നു. അത് തിരിച്ചു കൊണ്ടുവരാൻ ഈ തലമുറക്ക് കഴിയണം. സ്നേഹിക്കപ്പെടാൻ എല്ലാവരും ആഗ്രഹിക്കുന്നു. പക്ഷേ, കൊടുക്കാൻ തയാറല്ല. സ്നേഹം കൊടുത്താലേ അത് തിരിച്ചുകിട്ടൂ. ■